പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1574 06.03.2020-ലെ മറുപടിക്ക്

# സമാന്തര സർവ്വീസുകൾക്കെതിരെ സ്വീകരിച്ച നടപടി

ചോദ്യം — പ്രൊഫ.കെ.യു. അരുണൻ

മറുപടി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി. റൂട്ടുകൾ സംരക്ഷിക്കുന്നതിനായി സമാന്തര സർവ്വീസുകൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കവരുന്ന നിയമവിരുദ്ധ സമാന്തര സർവ്വീസുകളെ പിടികൂടി നിയമനടപടി സ്വീകരിക്കുന്നതിലേയ്ക്കായി കെ.എസ്.ആർ.ടി.സി.യും മോട്ടോർ വാഹന വകുപ്പും കേരള പോലീസും സംയുക്തമായി ചേർന്ന് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഈ സ്ക്വാഡ് കാര്യക്ഷമമായി പ്രവർത്തിക്കുന്നു.<br>1. <u>തിരുവനന്തപുരം</u><br>തിരുവനന്തപുരം, കഴക്കൂട്ടം, നെയ്യാറ്റിൻകര, കാട്ടാക്കട, പാറശ്ശാല എന്നീ ആർ.റ്റി.ഒ ഓഫീസുകളിൽ നിന്നും തിരുവനന്തപുരം ആർ.റ്റി.ഒ എൻഫോഴ്സ്മെന്റിൽ നിന്നും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ-മാരെ പരിശോധനയ്ക്കായി നിയോഗിച്ചിട്ടുണ്ട്. അനധികൃതമായി സമാന്തര സർവ്വീസ് നടത്തിയതിന് 397 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>2. <u>കൊല്ലം</u><br>അനധികൃതമായി സമാന്തര സർവ്വീസ് നടത്തിയതിന് 69 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>3. <u>പത്തനംതിട്ട</u><br>അനധികൃതമായി സമാന്തര സർവ്വീസ് നടത്തിയതിന് 51 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>4. <u>ആലപ്പുഴ</u><br>അനധികൃതമായി സമാന്തര സർവ്വീസ് നടത്തിയതിന് 19 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. അമ്പലപ്പുഴ - തോട്ടപ്പള്ളി നാഷണൽ ഹൈവേയിൽ സമാന്തര സർവീസ് നടത്തുന്ന ഓട്ടോറിക്ഷകൾക്കെതിരെ ചെക്ക് |

റിപ്പോർട്ട് തയ്യാറാക്കുകയും, നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

5. കോട്ടയം

കോട്ടയം ബസ് സ്റ്റേഷന് മുൻപിൽ എല്ലാ ദിവസവും വൈകിട്ട് ഒരു കോൺട്രാക്ട് ക്യാരേജ് യാത്രക്കാരെ കയറ്റിക്കൊണ്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി വിവരം കെ.എസ്.ആർ.ടി.സി. കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ അറിയിച്ചിരുന്നു. തുടർന്ന് ടി വാഹനം സർവ്വീസ് നടത്തുന്നതായി കാണുന്നില്ല.

ഒരു സ്വകാര്യ ബസ് കോട്ടയം-എറണാകുളം റൂട്ടിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ചിട്ടുള്ള റൂട്ടിൽ അനധികൃതമായി കടന്ന് സമാന്തര സർവ്വീസുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി വിവരം കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന വകുപ്പിനെ അറിയിച്ചിരുന്നു. തുടർന്ന് ടി വാഹനം സർവ്വീസ് നടത്തുന്നതായി കാണുന്നില്ല.

6. ഇടുക്കി

ഏലപ്പാറ-വാഗമൺ റൂട്ടിലും, തൂക്കുപാലം-നെടുങ്കണ്ടം റൂട്ടിലും സമാന്തര ജീപ്പ് സർവ്വീസുകൾ നടത്തുന്ന വിവരം കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കുട്ടിക്കാനം മുതൽ കമിളി വരെ ഓട്ടോറിക്ഷ, ജീപ്പ് മുതലായവ സർവ്വീസ് നടത്തുന്നതിനെതിരെ കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന വകുപ്പിലും പോലീസിലും ജില്ലാ കളക്ടർക്കും പരാതി നൽകിയിട്ടുണ്ട്. തേനി-മൂന്നാർ റൂട്ടിൽ സമാന്തര സർവ്വീസുകൾ നടത്തുന്ന വിവരം കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

7. എറണാകുളം

പെരുമ്പാവൂർ ഡിപ്പോയുടെ പരിധിയിൽ ഓട്ടോറിക്ഷകൾ അനധികൃതമായി സർവ്വീസ് നടത്തുന്ന വിവരം കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് കേസ് എടുക്കുകയും 1186 കേസുകളിൽ നിന്നും 59,30,000/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

8. തൃശ്ശൂർ

സമാന്തര സർവ്വീസ് നടത്തുന്നതായി ശ്രദ്ധ

| | |
|---|---|
| | യിൽപ്പെട്ടിട്ടില്ല.<br>9. <u>പാലക്കാട്</u><br>സമാന്തര സർവ്വീസ് നടത്തുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടില്ല.<br>10. <u>മലപ്പുറം</u><br>സമാന്തര സർവ്വീസ് നടത്തുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടില്ല.<br>11. <u>കോഴിക്കോട്</u><br>കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനായി അന്തർസംസ്ഥാന വാഹനങ്ങൾക്കെതിരെ നടത്തിയ പരിശോധനയിൽ 3 വാഹനങ്ങൾക്കെതിരെയും ജില്ലയിൽ 18 വാഹനങ്ങൾക്കെതിരെയും ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.<br>12. <u>വയനാട്</u><br>വാഹന പരിശോധനയിൽ 62 കേസുകളിലായി 2,09,900/- രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.<br>13. <u>കണ്ണൂർ</u><br>കെ.എസ്.ആർ.ടി.സി. റൂട്ടുകളിലെ സമാന്തര സർവ്വീസുകളുടെ കടന്നുകയറ്റത്തിനെതിരെ ബന്ധപ്പെട്ട അധികാരികൾക്ക് കെ.എസ്.ആർ.ടി.സി. രേഖാമൂലം പരാതി നൽകിയിട്ടുണ്ട്.<br>14. <u>കാസർഗോഡ്</u><br>കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ. ടി.സി. ആർ.ടി.ഒ.ക്ക് 9 പരാതികൾ നൽകി പരിഹാരം കണ്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**